പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6166 — 31.10.2011-ൽ മറുപടിയ്ക്ക്

കേന്ദ്രാവിഷ്കൃത പദ്ധതി.

| ചോദ്യം<br>ശ്രീ. വി. ശശി : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) പട്ടിക വിഭാഗങ്ങൾക്കും പിന്നോക്കക്കാർക്കും സൗജന്യമായും കുറഞ്ഞ നിരക്കിലും വൈദ്യുതി ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ടുള്ള ഏതെങ്കിലും കേന്ദ്രവിഷ്കൃത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ? | (എ) & (ബി) ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ വീടുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന (ആർ. ജി. ജി. വി. വൈ). ഈ പദ്ധതി ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഡി. പി. ആർ (വിശദമായ പ്രോജക്ട് റിപ്പോർട്ട്) കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. സൗജന്യമായും, കുറഞ്ഞ നിരക്കിലും വൈദ്യുതി നൽകുന്നത് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.